**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **15-10-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന്റെ കീഴിലുള്ള കരിങ്കൽ ക്വാറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിക്കായി (പാറമട) ഉപയോഗിക്കുന്ന സ്ഥലം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര സ്ഥലമാണ് വകുപ്പിന്റെ കീഴിൽ ഉള്ളത് എന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിയായി ഉപയോഗിച്ചിരുന്ന സ്ഥലം നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലാണ്. |
| (ബി) | നിലവിൽ ഇവിടെ കരിങ്കൽ ഖനനം നടത്തുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ ക്വാറി ലീസിന് എടുക്കുന്നതിനോ, ഇവിടെനിന്ന് കരിങ്കൽ ഖനനം നടത്തുന്നതിനോ അനുമതി നൽകണം എന്ന് ആവശ്യപ്പെട്ടിട്ട് ആരെങ്കിലും വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഈ സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതിക്കായി കേരള മാരിടൈം ബോർഡിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് 2011-ൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിൽ ആയതിനാൽ തുറമുഖ വകുപ്പിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ